ഉണ്ടാകണം എന്നതാണ് എന്റെ സബ്മിഷൻ. സെൻസർ ബോർഡിന്റെ പ്രവർത്തനം കുറ്റമറ്റതാക്കിയതുകൊണ്ടുമാത്രം ഇത്തരം പ്രവണതകൾ അവസാനിക്കുമെന്ന് കരുതുന്നില്ല. ഇത്തരം കാര്യങ്ങൾ സമൂഹത്തിൽ ഉണ്ടാകാതിരിക്കണം. അതിന് നമുക്ക് ധാർമ്മികമായ ഉത്തരവാദിത്വമുണ്ട്. നമ്മുടെ സമൂഹത്തിലെ യുവതലമുറയെ വഴിതെറ്റിപ്പിക്കുന്ന നിലയിൽ ഇന്ന് പല രംഗത്തും ഇത്തരം പ്രവണതകൾ വളരുകയാണ്. ഇതിനിടെ മാതൃഭൂമി പത്രത്തിൽ ഇതിനെ സംബന്ധിച്ച് വിശദമായ ഒരു വാർത്ത വന്നിരുന്നു. സിനിമാ തിയേറ്ററുകളിൽ ഉണ്ടാകുന്ന നഷ്ടം നികത്താനെന്നു പറഞ്ഞുകൊണ്ട് ഉച്ച സമയത്തൊക്കെ പ്രദർശിപ്പിക്കുന്ന ചില സിനിമകൾ അപകടകരമായ പ്രത്യാഘാതങ്ങൾ സമൂഹത്തിൽ ഉണ്ടാകുന്നതാണ് എന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ സബ്മിഷന്റെ ഭാഗമായിട്ട് അതിനെക്കുറിച്ച് വിശദീകരിക്കുന്നില്ല. പക്ഷേ, ഒരു ഇടപെടൽ ഉണ്ടാകണം. ധാർമ്മികമായ ഉത്തരവാദിത്വമാണെന്നുള്ള ധാരണയിൽ മാത്രമാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇത്തരത്തിൽ ഒരു ഇടപെടലുണ്ടായാൽ അല്പമെങ്കിലും ഇത്തരം പ്രവണതകൾക്ക് പരിഹാരമുണ്ടാകുമെന്നുള്ളതുകൊണ്ടാണ് ഇവിടെ അവതരിപ്പിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, പ്രസിദ്ധീകരണങ്ങൾ, മാധ്യമങ്ങൾ, സിനിമകൾ എന്നിവകളുമായി ബന്ധപ്പെട്ട് നടത്തുന്ന അനാശാസ്യ പ്രവർത്തനങ്ങൾക്കെതിരെ ഐ.പി.സി. 292 അനുസരിച്ച് കേസ് എടുത്തുവരുന്നുണ്ട്. അതുപോലെതന്നെ സ്ത്രീകളെ അശ്ലീലകരമായി ചിത്രീകരിച്ച് നടത്തുന്ന പ്രസിദ്ധീകരണത്തിനെതിരെ Indecent Representation of Women (Prevention) Act-1986 അനുസരിച്ച് നടപടികൾ എടുക്കുന്നുണ്ട്. നടപടികൾ കർശനമായി നടപ്പിലാക്കാനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. സെൻസർ ബോർഡിന്റെ പ്രവർത്തനം കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാണ്. സാമൂഹ്യസംഘടനകളും ബഹുജന പ്രസ്ഥാനങ്ങളും ഈ കാര്യത്തിൽ വേണ്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തേണ്ടതുണ്ട്.

മി. ഡെ. സ്പീക്കർ : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ...

(2) എസ്.സി./എസ്.ടി. ഉദ്യോഗാർത്ഥികൾക്ക് എഞ്ചിനീയറിംഗ്/ പോളിടെക്നിക് അദ്ധ്യാപക നിയമനത്തിന് പി.എസ്.സി. നിർണ്ണയിച്ച യോഗ്യതയിൽ ഇളവ് വരുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, സാമ്പത്തികമായും സാമൂഹികമായും വളരെ പിൻതള്ളപ്പെട്ട ജനവിഭാഗമാണ് പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ. ഉന്നത വിദ്യാഭ്യാസ മേഖല ഇന്നും ഈ വിഭാഗത്തിൽപ്പെട്ടവരിൽ ഭൂരിപക്ഷത്തിനും അന്യമാണ്. അപൂർവ്വം ചില ആളുകൾക്ക് മാത്രമാണ് ഉന്നത വിഭ്യാഭ്യാസം നേടാൻ കഴിഞ്ഞിട്ടുള്ളത്. എഞ്ചിനീയറിംഗ് കോളേജുകളിലേക്കും പോളിടെക്നിക്കുകളിലേക്കും അദ്ധ്യാപകരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുമ്പോൾ വളരെ കുറച്ച് ആളുകൾ മാത്രമാണ് അപേക്ഷ അയയ്ക്കാൻ ഉണ്ടാകുകയുള്ളൂ. ഇപ്പോൾ പി.എസ്.സി. വച്ച നിബന്ധനയനുസരിച്ച് ഇത്തരം

LIBRARY ARCHIVES Kerala Legislative Assembly

തസ്തികകളിലേക്ക് ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുമ്പോൾ യോഗ്യതയായി എല്ലാപേർക്കും ഫസ്റ്റ് ക്ലാസ് വേണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും എഞ്ചിനീയറിംഗ് കോളേജിൽ പഠിച്ച് ഫസ്റ്റ് ക്ലാസ്സിൽ പാസ്സാകുന്നത് മിക്കവാറും ഉന്നത ബിരുദം നേടുന്നവരും മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ നേടിയിട്ട് വരുന്നവരുമാണ്. ഫസ്റ്റ് ക്ലാസ് നേടാൻ സാധിക്കാത്ത പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് പി.എസ്.സി. ജോലിക്ക് അപേക്ഷിക്കാൻ സാധിക്കാത്ത നിലയാണിന്നുള്ളത്. പി.എസ്.സി. ടെസ്റ്റ് നടത്തിയിട്ടാണ് അപേക്ഷകരിൽ നിന്ന് മെറിറ്റടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. പക്ഷേ, പി.എസ്.സി.ക്ക് അപേക്ഷ അയയ്ക്കാൻ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സാധിക്കാത്ത അവസ്ഥയാണുള്ളത്. ഫസ്റ്റ്ക്ലാസ് എന്ന നിബന്ധന വയ്ക്കുന്നതുകൊണ്ടാണ് ഈ അവസ്ഥയുള്ളത്. അതുകൊണ്ട് അതുമാറ്റി യോഗ്യതയിൽ ഇളവുവരുത്തി അപേക്ഷിക്കാനുള്ള അവകാശമെങ്കിലും ഈ ജനവിഭാഗങ്ങൾക്കുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ഡെ. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യത നിശ്ചയിച്ചിരിക്കുന്നത് All India Council of Technical Education (AICTE) ആണ്. അതനുസരിച്ച് ക്വാളിഫൈയിംഗ് പരീക്ഷയിൽ 60 ശതമാനം മാർക്കാണ് കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത. ആൾ ഇൻഡ്യാ തലത്തിൽ ഈ നിബന്ധനയാണ് പിൻതുടരുന്നത്. ഓപ്പൺ ക്വാട്ടയിൽ മിനിമം യോഗ്യതയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഇല്ലാതെ വന്നാൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി മിനിമം യോഗ്യതയിൽ ഇളവ് നൽകി ഈ വിഭാഗത്തിൽപ്പെട്ടവർക്ക് നിയമനം നൽകുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആവശ്യത്തിന്മേൽ എ.ഐ.സി.റ്റി.ഇ.യുമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

മി. ഡെ. സ്പീക്കർ : ശ്രീ. ഇ. എം. അഗസ്തി.....

(3) പെരിയാറിന്റെ തീരപ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്കുള്ള ഭയാശങ്കകൾ

ശ്രീ. ഇ. എം. അഗസ്തി : സർ, മുല്ലപ്പെരിയാർ ഡാം അപകടസ്ഥിതിയിലാണെന്ന റിപ്പോർട്ടുകൾ വന്നതോടെ പെരിയാറിന്റെ ഇരുകരകളിലും താമസിക്കുന്ന ആളുകൾ വളരെ ഭയാശങ്കയിലാണ്. ജനങ്ങളുടെ ഭയാശങ്കകൾ മാറ്റാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് യു.ഡി.എഫ്. ഇടുക്കി ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടറിയേറ്റിനു മുന്നിൽ ഇന്ന് ധർണ്ണ നടക്കുകയാണ്. മന്ത്രിയുടെ നിർദ്ദേശാനുസരണം ഡാം സന്ദർശിച്ച വൈദ്യുതി വകുപ്പുമന്ത്രി എസ്. ശർമ്മയും അടുത്ത കാലത്തുണ്ടായ ഭൂചലനത്തെ തുടർന്ന് മുല്ലപ്പെരിയാർ ഡാം അപകടസ്ഥിതിയിലാണെന്ന് അഭിപ്രായപ്പെട്ടതായി പത്രങ്ങളിൽ വായിച്ചറിയാനിടയായി. അതുപോലെ സ്ഥലം സന്ദർശിച്ച

LIBRARY ARCHIVES Kerala Legislative Assembly